15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കാഴ്ച്ച പരിമിതിയുള്ള അദ്ധ്യാപകർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് KITE's Open Online Learning (KOOL) ഓൺലൈൻ പരിശീലനത്തിനു പകരം സംവിധാനം ഏർപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.797/2019/പൊ.വി.വ.** തീയതി, തിരുവനന്തപുരം, 28.02.2019

---

പരാമർശം:- 1. 22.03.2011-ലെ സ.ഉ(കൈ) നം.89/2011/പൊ.വി.വ.

2. 01.12.2018 ലെ സ.ഉ.(സാധാ)നം.5068/2018/പൊ.വി.വ.

3. കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 29.01.19-ലെ KITE/2019/1614 (7) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അദ്ധ്യാപകർ തങ്ങളുടെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിന് 45 മണിക്കൂറെങ്കിലും ദൈർഘ്യമുള്ള കമ്പ്യൂട്ടർ കോഴ്സുകൾ പാസായിരിക്കണമെന്നും ഇത്തരം കോഴ്സുകൾ ഐടി@സ്കൂളിന്റെ സഹായത്തോടെ എസ്.സി.ഇ.ആർ.ടി തെരഞ്ഞെടുത്ത് പരിശീലനത്തിന് അദ്ധ്യാപകരെ തയ്യാറാക്കാവുന്നതാണെന്നും ഉത്തരവായിരുന്നു.

പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയിട്ടുള്ള KITE's Open Online Learning - 'KOOL' ഓൺലൈൻ പരിശീലന പോർട്ടൽ വഴി നടത്തുന്ന 45 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന അദ്ധ്യാപകർക്ക് കൈറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് പരാമർശം (1) പ്രകാരം നിഷ്കർഷിച്ചിരിക്കുംവിധം പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള മാനദണ്ഡമായി അംഗീകരിച്ച് ഉത്തരവായിരുന്നു.

കൈറ്റ് നടത്തുന്ന പരിശീലനത്തിലെ ചില മൊഡ്യൂളുകൾ കാഴ്ച പരിമിതിയുള്ള അദ്ധ്യാപകർക്ക് ഓൺലൈനായി പഠിക്കുവാൻ പ്രയാസമാണെന്നും ആയതിനാൽ പ്രസ്തുത അദ്ധ്യാപകർക്കായി അവധി ദിവസങ്ങളിൽ 45 മണിക്കൂർ ദൈർഘ്യം വരുന്ന നേരിട്ടുള്ള പരിശീലന ക്ലാസുകൾ നൽകുവാൻ കൈറ്റ് തയ്യാറാണെന്നും പ്രസ്തുത പ്രത്യേക പരിശീലന സർട്ടിഫിക്കറ്റ് കാഴ്ച പരിമിതിയുള്ള അദ്ധ്യാപകർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് പര്യാപ്തമാണെന്ന് വ്യക്തമാക്കുന്ന സർക്കാർ ഉത്തരവ് ഉണ്ടാകണമെന്നഭ്യർത്ഥിച്ച് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് പരാമർശം (3) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കാഴ്ച പരിമിതിയുള്ള അദ്ധ്യാപകർക്കുവേണ്ടി അവധി ദിവസങ്ങളിൽ കൈറ്റ് നടത്തുന്ന 45 മണിക്കൂർ ദൈർഘ്യം വരുന്ന നേരിട്ടുള്ള പരിശീലന ക്ലാസുകൾ വിജയകരമായി പൂർത്തിയാക്കുന്ന പ്രസ്തുത അദ്ധ്യാപകർക്ക് കൈറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് പരാമർശം (1) പ്രകാരം നിഷ്കർഷിച്ചിരിക്കുംവിധം പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുള്ള മാനദണ്ഡമായി അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്.കൃഷ്ണകുമാർ**

**അഡീഷണൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം

വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം

സി.ഇ.ഒ., പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം

വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം

ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ